പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6625 12.07.2012 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. യുടെ സേവനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>" ടി. യു കുരുവിള<br>" സി. എഫ്. തോമസ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ സേവനം സംസ്ഥാനത്തിന്റെ എല്ലാ മേഖലയിലും കാര്യക്ഷമമായി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. യുടെ സേവനം സംസ്ഥാനത്തിന്റെ എല്ലാ മേഖലയിലും കാര്യക്ഷമമായി ലഭ്യമാക്കുന്നതിന് പുതിയ 1,000 ബസ്സുകൾ നിരത്തിൽ ഇറങ്ങുന്ന മുറയ്ക്ക് തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ സിറ്റി ബസ്സുകൾ, മലപ്പുറം ജില്ലയിൽ സാധാരണക്കാർക്കും, പിന്നോക്ക മേഖലയിലെ വിദ്യാർത്ഥികൾക്കും ഉപകാരപ്രദമായ സർവ്വീസുകൾ എന്നിവ കൂടാതെ സൂപ്പർക്ലാസ് സർവ്വീസുകൾ റീപ്ലെയ്സ് ചെയ്യുന്ന ബസ്സുകൾ ഉപയോഗിച്ച് സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലും സർവ്വീസുകൾ ആരംഭിക്കുക എന്നിവയ്ക്കായി നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി. യുടെ ബാധ്യതകൾ ഏറ്റെടുത്ത് ജീവനക്കാരെയും പെൻഷൻകാരെയും സഹായിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി. യുടെ ബാദ്ധ്യതകൾ ഏറ്റെടുത്ത് ജീവനക്കാരെയും, പെൻഷൻകാരെയും സഹായിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ അടങ്ങിയ ബൃഹത്തായ ഒരു പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്. കെ.എസ്.ആർ.ടി.സി. യെ സാമ്പത്തികമായി സഹായിക്കുന്നതിന് സാധ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ